**ശബരിമല പിൽഗ്രിം സെന്റർ**

10(620) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ട് ആരംഭിക്കുകയും 632 Foundation Pile-കളിൽ 310 Foundation Pile-കൾ പൂർത്തീകരിക്കുകയും പ്രവൃത്തി നിന്നുപോയിട്ടുള്ള അവസ്ഥയിലുമാണ്.

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ്/റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. അതിനുശേഷം ബാക്കിയുള്ള പണികൾക്കായുള്ള റീ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനുശേഷം ടെണ്ടർ നടപടികൾ ക്കനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്**

11(621) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ സേവനം ഏതൊക്കെ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുവെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമുള്ള എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് (EEU) പ്രവർത്തിക്കുന്നുണ്ട്. പതിനഞ്ച് കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളുടെ (റോഡ്,

LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങൾ, കെട്ടിടങ്ങൾ) പദ്ധതി പ്രദേശങ്ങളുടെ പരിസ്ഥിതി അവലോകന പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് പ്രസ്തുത യൂണിറ്റാണ്. പരിസ്ഥിതി ലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യാനുസരണം പാരിസ്ഥിതിക പഠനം നടത്തി, പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**കോട്ടയം ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം**

12 (622) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കോട്ടയം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി Technical Sanction നൽകുന്നതിനുള്ള അനുവാദം Project Management Consultant ആയ M/s. Hindustan Prefab Limited-ന് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതി 2021 നവംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതി**

13 (623) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ ക്രമീകരിക്കുന്ന പ്രവൃത്തികൾ കരാർ വ്യവസ്ഥ പ്രകാരമുള്ള നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ കോവിഡ് വ്യാപനം, പ്രതികൂലമായ കാലാവസ്ഥ, പോസ്റ്റുകൾ, കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly